മു
ദ്ര
ക
ൾ

# വടക്കൻ പാകിസ്താനിൽ വിഭാഗീയത മൂർഛിക്കുന്നു

**വടക്കൻ** പാകിസ്താനിലെ ഗോത്ര പ്രദേശങ്ങളിൽ സുന്നീ-ശീഈ വിഭാഗീയ സംഘർഷങ്ങൾ മൂർഛിക്കുന്നു. കഴിഞ്ഞ ഏപ്രിൽ 8-ന് പരചിനാർ മേഖലയിൽ പൊട്ടിപ്പുറപ്പെട്ട കലാപങ്ങളിൽ അമ്പതോളം പേരാണ് കൊല്ലപ്പെട്ടത്. കർഫ്യൂ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സാധാരണനില പുനഃസ്ഥാപിക്കാനായിട്ടില്ല. ആക്രമണ പ്രത്യാക്രമണങ്ങൾ വീടുകൾ കേന്ദ്രീകരിച്ചായതിനാൽ ആളപായമുണ്ടായവരിൽ സ്ത്രീകളും കുട്ടികളുമുണ്ട്. ഷെല്ലാക്രമണത്തിൽ പരചിനാർ മേഖലയിലെ വിദ്യുഛക്തി കേന്ദ്രങ്ങൾ തകർക്കപ്പെട്ടു. വാർത്താവിനിമയ ബന്ധങ്ങളും തകരാറിലായി.

വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിൽ അഫ്ഗാനിസ്താനോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ് പരചിനാർ. ഈ ഗോത്രമേഖലയിൽ ശീഈ വിഭാഗത്തിനാണ് ഭൂരിപക്ഷം. കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി ഇവിടെ ഇടക്കിടെ വിഭാഗീയ സംഘട്ടനങ്ങൾ പൊട്ടിപ്പുറപ്പെടാറുണ്ട്. ഏപ്രിൽ ഒന്നിന് മുഹമ്മദ് നബിയുടെ ജന്മദിനാഘോഷങ്ങളോടനുബന്ധിച്ചുണ്ടായ വാക്കേറ്റവും കല്ലേറുമാണ് ഇപ്പോഴത്തെ സംഘർഷത്തിന് കാരണമായത്. കഴിഞ്ഞ വർഷം ഒരു ആരാധനാലയത്തെ ചൊല്ലിയുണ്ടായ സംഘട്ടനത്തിൽ 20 പേർ കൊല്ലപ്പെട്ടിരുന്നു.

വിഭാഗീയ സംഘർഷം അയൽപ്രദേശങ്ങളിലേക്ക് വ്യാപിക്കുമോ എന്ന ആശങ്കയുയർന്നിട്ടുണ്ട്. സുന്നീ-ശീഈ വിഭാഗങ്ങൾക്ക് പ്രാതിനിധ്യമുള്ള ജനസഭ (ജിഗ്ര) വിളിച്ചുകൂട്ടി ഒത്തുതീർപ്പുണ്ടാക്കാൻ ഭരണകൂടം ശ്രമിക്കുന്നുണ്ടെങ്കിലും സംഘട്ടനം തുടരുന്നതിനാൽ അതിന് സാധ്യമായിട്ടില്ല.

രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി ഭരണകൂടങ്ങൾ വിഭാഗീയതയെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ സ്വീകരിക്കുന്നതാണ് സംഘട്ടനങ്ങൾക്ക് കാരണമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. പാകിസ്താനിൽ 80 ശതമാനവും സുന്നികളാണ്. നൂറ്റാണ്ടുകളായി ശീഈ-സുന്നീ വിഭാഗങ്ങൾ ഒത്തൊരുമയോടെയാണ് കഴിഞ്ഞിരുന്നത്. 2001-നു ശേഷമാണ് വിഭാഗീയ സംഘർഷങ്ങൾ മൂർഛിക്കുന്നത്. അത് രാഷ്ട്രത്തിന്റെ തന്നെ അടിത്തറ ഇളക്കുമെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ. ■

# ഫിലിപ്പൈൻസ്: ഇത്തവണ വാഗ്ദാനം പാലിക്കപ്പെടുമോ?

**തെക്കൻ** ഫിലിപ്പൈൻസിൽ മുസ്‌ലിംകൾക്ക് സ്വയംഭരണാധികാരം നൽകാൻ ഫിലിപ്പൈൻസ് ഭരണകൂടം സന്നദ്ധത പ്രകടിപ്പിച്ചതായി മോറോ ഇസ്‌ലാമിക് ഫ്രണ്ടിന്റെ തലവൻ അൽഹാജ് മുറാദ് ഇബ്‌റാഹീം പറഞ്ഞു. തെക്കൻ ഫിലിപ്പൈൻസിലെ മിൻഡനാവോയിൽ ഒരു പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണകൂടം വാഗ്ദാനങ്ങൾ നടപ്പാക്കുന്ന പക്ഷം അത് മേഖലയിൽ സമാധാനത്തിന് വഴിയൊരുക്കും. മോറോ വിമോചന മുന്നണിയും ഭരണകൂടവും തമ്മിലുള്ള ചർച്ചകൾ കഴിഞ്ഞ സെപ്റ്റംബറിൽ നിർത്തിവെച്ചിരുന്നു. എങ്കിലും ഇരുവിഭാഗവും തമ്മിലുള്ള അനൗപചാരിക ചർച്ച തുടർന്നു. അങ്ങനെയാണ് പുതിയ ധാരണ ഉരുത്തിരിഞ്ഞത്.

മുസ്‌ലിംകൾക്ക് ഭൂരിപക്ഷമുള്ള മിൻഡനാവോ, സോലോ, പാലാവാൻ എന്നീ ദ്വീപുകളിൽ സ്വയം നിർണയാവകാശം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ നൂറ്റാണ്ടിന്റെ എഴുപതുകളിലാണ് മോറോ വിമോചന മുന്നണി പോരാട്ടം തുടങ്ങിയത്. ഏറ്റുമുട്ടലുകളിൽ ഇതിനകം ഒരുലക്ഷത്തി ഇരുപതിനായിരം പേർ കൊല്ലപ്പെടുകയുണ്ടായി. മുമ്പും ഭരണകൂടം സ്വയംഭരണം നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നെങ്കിലും അത് പാലിക്കപ്പെടുകയുണ്ടായില്ല. ഫിലിപ്പൈൻസിലെ മൊത്തം ജനസംഖ്യയായ 89.5 മില്യനിൽ 12 മില്യനാണ് മുസ്‌ലിംകൾ. ■

# ഖദ്ദാഫി വീണ്ടും വിവാദത്തിൽ

**നൈജറിലെ** ഒരു നബിദിന പരിപാടിയിൽ ലിബിയൻ പ്രസിഡന്റ് മുഅമ്മർ ഖദ്ദാഫി നടത്തിയ അഭിപ്രായ പ്രകടനങ്ങൾ വിവാദമാകുന്നു. 'വഹ്ഹാബികൾ നബിയുടെ ഖബ്ർ ഇടിച്ചുനിരത്തി' എന്നായിരുന്നു ഖദ്ദാഫിയുടെ ഒരു ആരോപണം. 'കാലഗണനക്ക് അടിസ്ഥാനമാക്കേണ്ടത് നബിയുടെ മദീനയിലേക്കുള്ള പലായന(ഹിജ്റ)ത്തെയല്ല; നബിയുടെ വിയോഗ(വഫാത്)ത്തെയാണ്' - ഖദ്ദാഫി നിർദേശിച്ചു. വടക്കനാഫ്രിക്കയിൽ ഫാത്വിമി ഭരണകൂടത്തെ പുനഃപ്രതിഷ്ഠിച്ചാൽ സുന്നീ-ശീഈ സംഘർഷം ഇല്ലാതാക്കുമെന്നും ഖദ്ദാഫി അഭിപ്രായപ്പെട്ടു.

'ഖദ്ദാഫിയുടെ പ്രസ്താവന വെറും വിവരക്കേടാണ്' - അൽ അസ്ഹർ സർവകലാശാലയിലെ ഡോ. അബ്ദുൽ മുഅ്ത്വി പറഞ്ഞു. നബിയുടെ ഖബ്ർ ഇടിച്ചുനിരത്തിയെന്ന് പറയുന്നതിന് യാതൊരു അടിസ്ഥാനവുമില്ല. മുസ്‌ലിം സമൂഹത്തിൽ സംശയങ്ങൾ ജനിപ്പിക്കാനും അതിനെ ഭിന്നിപ്പാക്കി മുതലെടുക്കാനും മാത്രമാണ് ഇത്തരം പ്രസ്താവനകൾ.

'ഉമറുബ്നുൽ ഖത്ത്വാബിന്റെ കാലം മുതലേ ഇസ്‌ലാമിക കലണ്ടർ ഹിജ്റയെ അടിസ്ഥാനപ്പെടുത്തിയാണ്. ഒരാളും അതിനെ എതിർത്തതായി അറിയില്ല. ശ്രദ്ധ നേടാൻ വേണ്ടി മാത്രമാണ് ഖദ്ദാഫി ഇടക്കിടെ ഇത്തരം പ്രസ്താവനകളിറക്കുന്നത്' - അൽ അസ്ഹറിലെ ഡോ. മുഹമ്മദ് അബൂലൈല പറഞ്ഞു.

ക്രി.വ. 909 (ഹി: 297)ൽ മഗ്‌രിബ് മേഖലയിൽ സ്ഥാപിതമാവുകയും മുഇസ്സുലിദീനില്ലായുടെ കാലത്ത് (ഹി: 362) ആസ്ഥാനം ഈജിപ്തിലേക്ക് മാറ്റുകയും ചെയ്ത ഭരണവംശമാണ് ഫാത്വിമികൾ. ശീഈകളിലെ ഇസ്മാഈലീ സരണിയാണ് ഇവർ പിൻപറ്റിയിരുന്നത്. ഫാത്വിമീ ഭരണം തിരിച്ചുകൊണ്ടുവരണമെന്ന് പറയുന്നത് ശീഈ താൽപര്യം മുൻനിർത്തിയാണെന്നാണ് സുഊദി പണ്ഡിതന്മാരുടെ നിലപാട്.

രണ്ട് പവിത്ര ദേശങ്ങൾ (ഹറമൈനി ശ്ശരീഫൈനി) എന്ന് പറയുന്നത് മക്കയും മദീനയുമല്ല, മക്കയും ഖുദ്സുമാണെന്ന ഖദ്ദാഫിയുടെ വാദത്തെയും പണ്ഡിതന്മാർ വിമർശിച്ചു. 'നബിചര്യയിലൂടെ സ്ഥിരപ്പെട്ട ഒരു കാര്യത്തെ ചോദ്യം ചെയ്യാൻ ഖദ്ദാഫി ആരാണ്?' - അവർ രോഷത്തോടെ ചോദിച്ചു. ■

# ബഹുഭാര്യാത്വം മാത്രമല്ല, ബഹുഭർതൃത്വവും ആവാം!

**"പാശ്ചാത്യ** സാഹിത്യത്തിലെ പൗരസ്ത്യ മുദ്രകൾ എന്ന വിഷയത്തിൽ ഈയിടെ ഒരന്വേഷണം നടത്താൻ അവസരമുണ്ടായി. പതിനാറാം നൂറ്റാണ്ട് മുതൽ ഇന്നു വരെയുള്ള പാശ്ചാത്യ കൃതികളിൽ ഇസ്‌ലാം എങ്ങനെ പ്രതിഫലിക്കുന്നു എന്നായിരുന്നു പ്രധാന വിഷയം. ഒരുപാട് കൃതികളിലൂടെ ഞാൻ കടന്നുപോയി. ഏതാണ്ടെല്ലാ കൃതികളും ഇസ്‌ലാമിനെ ഇകഴ്ത്താനും പരിഹസിക്കാനും ഇസ്‌ലാം അനുവദിക്കുന്ന ബഹുഭാര്യാത്വത്തെ ഉയർത്തിക്കാട്ടുന്നതായി കണ്ടു. 2001 സെപ്റ്റംബറിനു ശേഷം പുറത്തുവന്ന റോബർട്ട് സ്പെൻസറിന്റെ Islam Unveiled പോലുള്ള കൃതികളിലും ഈ പരിഹാസം തെളിഞ്ഞു കാണാം."

ഇംഗ്ലീഷ് അധ്യാപികയായ ദൈമ ജാബിർ *അൽ മുജ്തമഅ്* വാരിക (2007 മാർച്ച് 23)യിലെഴുതിയ ലേഖനത്തിന്റെ തുടക്കം ഇങ്ങനെയാണ്. ക്രൈസ്തവ ജൂതമതങ്ങൾ കർശനമായി ബഹുഭാര്യാത്വം വിലക്കുന്നുണ്ടെന്ന ബലത്തിലാണ് ഇസ്‌ലാമിനെതിരെ ആ മതങ്ങളിൽപെട്ട പുരോഹിതന്മാരും എഴുത്തുകാരും ആഞ്ഞടിക്കുന്നതെന്ന് ദൈമ എഴുതുന്നു.

എന്നാൽ ക്രൈസ്തവരിൽ തന്നെ ബഹുഭാര്യാത്വം മാത്രമല്ല ബഹുഭർതൃത്വം വരെ അനുവദിക്കുന്ന ഒരു വിഭാഗമുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. മോർമോൺ (mormon) എന്ന പേരിലാണ് പ്രൊട്ടസ്റ്റന്റുകാരായ ഈ വിഭാഗം അറിയപ്പെടുന്നത്. തങ്ങളുടെ മതകീയമായ ആചാരങ്ങളും ചിഹ്നങ്ങളും അനുവദിച്ചുകിട്ടുന്നതിന് ഇവർ സമരം നടത്തുകയും അവ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുത മറച്ചുവെച്ചുകൊണ്ടാണ് പുരോഹിതന്മാരും എഴുത്തുകാരും അപരിഷ്കൃതത്വത്തിന്റെയും സ്ത്രീപീഡനത്തിന്റെയും അടയാളമായി ഇസ്‌ലാമിലെ ബഹുഭാര്യാത്വത്തെ ചിത്രീകരിക്കുന്നത്.

ഇവർ അത്ര ചെറിയ വിഭാഗമൊന്നുമല്ല. യു.എ.ഇയിലും ബഹ്റൈനിലും വരെ തങ്ങൾക്ക് ചർച്ചുകളുണ്ടെന്നാണ് മോർമോണിന്റെ ഔദ്യോഗിക വെബ്സൈറ്റ് (www.Ids.org) അവകാശപ്പെടുന്നത്. അമേരിക്കയിലെ യൂത്താ (Utah), സാൾട്ട്ലേക്ക് സിറ്റി, കൊളറാഡോ, ഹിൽഡൈൽ എന്നിവിടങ്ങളിൽ ഇവർക്ക് ഗണ്യമായ ശക്തിയുണ്ട്. അമേരിക്കൻ സംസ്ഥാനമായ യൂത്തായിൽ അറുപതിനായിരം മാർമോൺ വിഭാഗക്കാരുണ്ട്. അവർക്കിഷ്ടമുള്ളത്ര ഭാര്യമാരെ അവർ പുലർത്തുന്നുമുണ്ട്.

1830–ൽ ന്യൂയോർക്കിൽവെച്ച് ജോസഫ് സ്മിത്ത് എന്നൊരാളാണ് ഈ ക്രിസ്ത്യൻ മതവിഭാഗത്തിന് രൂപം നൽകിയത്. ഇവരുടെ വിശ്വാസപ്രകാരം, ക്രിസ്തുവിനു മുമ്പ് 600–ാം ആണ്ടിൽ മരണപ്പെട്ട ഒരു പ്രവാചകനാണ് മോർമോൺ. അദ്ദേഹത്തിന് ഒരു ഗ്രന്ഥം ഉണ്ടായിരുന്നു – The Book of Mormon എന്ന പേരിൽ. എവിടെയോ ഒളിഞ്ഞു കിടക്കുകയായിരുന്ന ഈ ഗ്രന്ഥം ജോസഫ് സ്മിത്ത് ആണത്രെ കണ്ടെടുത്തത്! ഈ വിഭാഗത്തിന് ബൈബിളിനോടൊപ്പം 'മോർമോൺ പുസ്തക'വും നിയമപ്രമാണമാണ്.

ബൈബിൾ പഴയ നിയമത്തിലെ പ്രമാണങ്ങൾ പുനരുജ്ജീവിപ്പിക്കുകയാണ് ഈ വിഭാഗത്തിന്റെ ലക്ഷ്യം. 'ഇണയുടെ ബഹുത്വം' ആണ് അവയിലൊന്ന്. ബഹുഭാര്യാത്വം മാത്രമല്ല, ബഹുഭർതൃത്വവും ഉൾക്കൊള്ളുന്നു ഈ പ്രയോഗം. യാക്കോബ്, അബ്രഹാം എന്നീ പ്രവാചകന്മാർ ബഹുഭാര്യാത്വം സ്വീകരിച്ചവരായിരുന്നുവെന്നും ഇണകളുടെയും സന്തതികളുടെയും പെരുപ്പം അന്ത്യനാളിൽ ഒരാളുടെ മഹത്വം ഉയർത്തുമെന്ന് പഴയ നിയമത്തിൽ പറഞ്ഞിട്ടുണ്ടെന്നും ജോസഫ് സ്മിത്ത് വാദിച്ചു. ജോസഫ് സ്മിത്തിന് 33 ഭാര്യമാർ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇവരിൽ പതിനൊന്ന് പേർ മറ്റുള്ളവരുടെ ഭാര്യമാരായിരിക്കെത്തന്നെയാണ് സ്മിത്തിനെ വിവാഹം കഴിച്ചത്.

വളരെയേറെ പീഡനങ്ങൾ ഈ വിഭാഗത്തിന് അനുഭവിക്കേണ്ടിവന്നു. പലരും മെക്സിക്കോ പോലുള്ള പ്രദേശങ്ങളിലേക്ക് കുടിയേറി. എങ്കിലും വിവാഹം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തനതായ പാരമ്പര്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെയാണ് അവർ ജീവിക്കുന്നത്. ഇസ്‌ലാമിനെതിരെ ഉറഞ്ഞുതുള്ളുന്നവർ ഇത് കാണാതിരിക്കുന്നത് എന്തുകൊണ്ട് എന്നാണ് ദൈമയുടെ ചോദ്യം. ■

# ബഹ്റൈനിലെ ഇസ്‌ലാമിസ്റ്റുകൾ ദിനപത്രം തുടങ്ങുന്നു

**ബഹ്റൈനിലെ** ഇസ്‌ലാമിസ്റ്റുകൾ ഒരു ദിനപത്രം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ജംഇയ്യത്തുൽ ഇസ്‌ലാഹിന്റെ വൈസ് ചെയർമാനും മുൻ പാർലമെന്റ് അംഗവുമായ അബ്ദുൽ അസീസ് മീറിന് *അന്നബഅ്* എന്ന പേരിൽ പത്രപ്രസിദ്ധീകരണങ്ങൾ തുടങ്ങാനുള്ള അനുവാദം ഭരണകൂടത്തിൽനിന്ന് ലഭിച്ചു. ആദ്യം അന്നബഅ് എന്ന പേരിൽ ഒരു വാരികയാണ് തുടങ്ങുക. പിന്നീടത് ദിനപത്രമാക്കും. ഒരു മില്യൻ ഡോളറാണ് മുടക്കുമുതൽ. ഇതിന്റെ 85% ഓഹരികൾ അബ്ദുൽ അസീസ് മീറിനും അദ്ദേഹത്തിന്റെ സഹോദരന്മാർക്കുമായിരിക്കും. 15% പുറത്തുള്ളവർക്ക് നൽകും.

ഇസ്‌ലാമിസ്റ്റ് ആഭിമുഖ്യമുള്ളതാണെങ്കിലും എല്ലാവിധ മതരാഷ്ട്രീയ വീക്ഷണങ്ങൾക്കും പത്രത്തിൽ ഇടം അനുവദിക്കുമെന്ന് മീർ പറഞ്ഞു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പു വേളയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ വിംഗായ അൽമിമ്പറുൽ ഇസ്‌ലാമിയെ വ്യാപകമായി തെറ്റിദ്ധരിപ്പിക്കാൻ ശ്രമങ്ങളുണ്ടായത് പത്രം തുടങ്ങാനുള്ള നീക്കത്തിന് ശക്തിപകർന്നിട്ടുണ്ട്. *അഖ്ബാറുൽ ഖലീജ്*, *അൽ വതൻ* (ഗവൺമെന്റ് അനുകൂലം), *അൽ വസത്*, *അൽ മീസാഖ്* (ശീഈ പക്ഷം), *അൽ വഖ്ത്* (ലിബറൽ), *അൽ അയ്യാം* (ഇടതു പക്ഷം) എന്നിവയാണ് ബഹ്റൈനിലെ പ്രധാന പത്രങ്ങൾ. ■

മുദ്രകൾ

# സ്വവർഗരതി: സ്പോൺസർ ചെയ്യുന്നത് ഐക്യരാഷ്ട്രസഭ!

**സ്വവർഗരതി** പോലുള്ള ലൈംഗിക അരാജക പ്രവണതകളുടെ പ്രചാരണച്ചുമതല ഐക്യരാഷ്ട്രസഭ ഏറ്റെടുക്കുന്നു! കഴിഞ്ഞ ഫെബ്രുവരി 26 മുതൽ മാർച്ച് 9 വരെ അമേരിക്കയിൽ യു.എൻ ആഭിമുഖ്യത്തിൽ നടന്ന വിവിധ സമ്മേളനങ്ങളിൽ വെച്ചാണ് ഇതിന് കർമപദ്ധതി തയാറാക്കിയത്. 'പെൺകുഞ്ഞുങ്ങൾക്കെതിരെയുള്ള സകലവിധ അതിക്രമങ്ങളും വിവേചനങ്ങളും നീക്കം ചെയ്യാൻ' എന്ന ബാനറിലാണ് സമ്മേളനങ്ങൾ സംഘടിപ്പിക്കപ്പെട്ടത്.

പതിനെട്ടു വയസ്സായിട്ടില്ലാത്ത പെൺകുട്ടിക്ക് ലൈംഗികമായി താൻ സജീവമാകേണ്ടത് എപ്പോൾ, എങ്ങനെ തുടങ്ങിയ കാര്യങ്ങളിൽ പൂർണ സ്വാതന്ത്ര്യമനുവദിക്കുക, ലൈംഗികാരോഗ്യത്തെക്കുറിച്ച പൂർണ വിവരങ്ങൾ അവൾക്ക് നൽകുക, ലൈംഗിക ബന്ധത്തിന്റെ സുരക്ഷിത രീതികൾ കൗമാരക്കാരെ പഠിപ്പിക്കുക, ചെറുപ്രായത്തിലുള്ള വിവാഹം യുവതിക്ക് നേരെയുള്ള അതിക്രമമായി കണക്കാക്കുക, സ്വവർഗരതിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുക തുടങ്ങിയവയാണ് ഉരുത്തിരിഞ്ഞ നിർദേശങ്ങൾ. മതത്തെ നിയമനിർമാണത്തിന് അടിസ്ഥാനമാക്കിയിട്ടുള്ള രാജ്യങ്ങ(പച്ചയായി പറഞ്ഞാൽ മുസ്‌ലിം രാജ്യങ്ങൾ!) ളിൽ അവസരസമത്വം കുറയുകയും അതിക്രമങ്ങൾ കൂടുകയും ചെയ്യുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇത്തരം അപകടകരമായ നിർദേശങ്ങളിൽ യു.എൻ അംഗരാഷ്ട്രങ്ങളെക്കൊണ്ട് ഒപ്പിടുവിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും ഇതിനെതിരെ കരുതിയിരിക്കണമെന്നും നൂറ് ഇസ്‌ലാമിക കൂട്ടായ്മകളുടെ സംയുക്ത സമ്മേളനം മുന്നറിയിപ്പ് നൽകി. മാർച്ച് 14-ന് അല്ലജ്നതുൽ ഇസ്‌ലാമിയ്യ അൽ ആലമിയ്യ ലിൽ മർഅതി വത്ത്വിഫ്ൽ (ശിശുക്കൾക്കും വനിതകൾക്കും വേണ്ടിയുള്ള ആഗോള ഇസ്‌ലാമിക സമിതി) എന്ന സംഘടനയാണ് കെയ്റോയിൽ ഈ സംഘടനകൾക്ക് പൊതുവേദി ഒരുക്കിയത്. സ്വതന്ത്ര ലൈംഗികതക്കും കുത്തഴിഞ്ഞ ജീവിതരീതികൾക്കും പ്രചാരണം നൽകി ഇസ്‌ലാമിക ലോകത്തിന്റെ മൂല്യവ്യവസ്ഥയെ തകർക്കാൻ യു.എൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നതായി സമ്മേളനം കുറ്റപ്പെടുത്തി.

"മേൽ നിർദേശങ്ങളോടുകൂടി യു.എൻ ഉപസമിതി തയാറാക്കിയ റിപ്പോർട്ടിന്റെ അറബി പരിഭാഷയിൽ സ്വതന്ത്ര ലൈംഗികതയെക്കുറിച്ചും മറ്റുമുള്ള ഭാഗങ്ങൾ സമർഥമായി ഒഴിവാക്കിയിരിക്കുന്നു. ഇതൊരു അടവാണ്. ഇത് മനസ്സിലാക്കാതെ മുസ്‌ലിം രാഷ്ട്രത്തലവന്മാർ യു.എൻ നിർദേശങ്ങൾക്ക് ഒപ്പുചാർത്തിയാൽ ഭവിഷ്യത്ത് ഗുരുതരമായിരിക്കും"-ലജ്ന ഇസ്‌ലാമിയ്യയുടെ സെക്രട്ടറി ജനറൽ കാമിലിയാ ഹിൽമി പറഞ്ഞു. ■